**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6281** **17-03-2023 - ൽ മറുപടിയ്ക്ക്**

**രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ; | (എ) | 2019 വർഷം മുതൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ സ്കാൻ ചെയ്ത ഡിജിറ്റൽ രൂപം സെർവറിൽ സൂക്ഷിച്ചു വരുന്നുണ്ട് രജിസ്ട്രേഷൻ വകുപ്പിന്റെ വാർഷിക പദ്ധതി തുക വിനിയോഗിച്ച് കൊണ്ട് 2018വരെയുള്ള വർഷങ്ങളിലെ മുന്നാധാര വിവരങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്യുകയും സെർവറിൽ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിലെ സ്കാനിംഗ് ജോലികൾ ആദ്യ ഘട്ടത്തിൽ പൂർത്തിയാക്കിയിരുന്നു അതോടൊപ്പം കൊല്ലം, ആലപ്പുഴ, കോട്ടയം ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ 2005 മുതൽ 2018 വരെയുള്ള സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയും 2005 മുതൽ പുറകോട്ടുള്ള സ്കാനിംഗ് ജോലികൾ അന്തിമഘട്ടത്തിലെത്തുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് ജില്ലകളിലെ മുന്നാധാര വിവരങ്ങളുടെ സ്കാനിംഗ് ജോലികൾ പുരോഗമിക്കുകയാണ്.<br><br>പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം കൊല്ലം ജില്ലകളിൽ ആധാരപ്പകർപ്പുകൾ ഓൺലൈൻ മുഖാന്തിരം നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുമുണ്ട്. |
| (ബി) | രജിസ്ട്രേഷൻ വകുപ്പ് വഴി എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനായി നൽകുന്നതെന്ന് വിശദമാക്കാമോ? | (ബി) | **രജിസ്ട്രേഷൻ വകുപ്പ് നിലവിൽ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1. ആധാരങ്ങളുടെ ടോക്കൺ വിവരം ഓൺലൈനായി നൽകുവാനും ഫീസ് ഇ-പേയ്മെന്റായി അടയ്ക്കുവാനുമുള്ള സൗകര്യം, |

| | | | |
|---|---|---|---|
| | | | 2 ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ഓൺലൈനായി പണമടച്ച് ഇ-സ്റ്റാമ്പായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം.<br><br>3. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിച്ച് ഫീസടയ്ക്കുവാനും ഓൺലൈനായി ഡൗൺലോഡ് ചെയ്തെടുക്കുവാനുമുള്ള സൗകര്യം.<br><br>4. ലിസ്റ്റ് സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിച്ച് ഫീസടയ്ക്കുവാനുള്ള സൗകര്യം.<br><br>5. സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്ക് ഓൺലൈനായി അപേക്ഷിച്ച് ഫീസടയ്ക്കുവാനും തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ ഓഫീസുകളിലെ പകർപ്പുകൾ ഓൺലൈനായി തന്നെ ഡൗൺലോഡ് ചെയ്യുവാനുമുള്ള സൗകര്യം.<br><br>6. പ്രത്യേക വിവാഹ അപേക്ഷകൾ/നോട്ടീസുകൾ എന്നിവ ഓൺലൈനായി നൽകുവാനും ഫീസടയ്ക്കുവാനുമുള്ള സൗകര്യം.<br><br>7. ചിട്ടി രജിസ്ട്രേഷൻ, ചിട്ടി സെക്യൂരിറ്റി റിലീസ് എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും ഫീസടയ്ക്കുവാനുമുള്ള സൗകര്യം.<br><br>8. സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ ഇടപാടുകൾ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-ഗഹാനുകളായി ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം.<br><br>9. സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിനായി ഇ-ഗ്രൂപ്പ് വഴി അപേക്ഷ സമർപ്പിക്കുവാനും ഫീസടയ്ക്കുവാനുമുള്ള സൗകര്യം. |

സെക്ഷൻ ഓഫീസർ